പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1950 — 10.03.2020 ൽ മറുപടിയ്ക്ക്

# കരുനാഗപ്പള്ളി മണ്ഡലത്തിൽ സൂപ്പർ മാവേലി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ, | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ എവിടെയെല്ലാം സൂപ്പർ മാവേലി സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വിശദമാക്കുമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ മാവേലി സൂപ്പർ സ്റ്റോറുകൾ ഒന്നും ആരംഭിച്ചിട്ടില്ല. എന്നാൽ മണപ്പള്ളി, AVHS തഴവ, ആലും പീടിക എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ എല്ലാ മാവേലി സ്റ്റോറുകളും സൂപ്പർ മാവേലിസ്റ്റോറുകളായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രതിമാസം 10 ലക്ഷത്തിലധികം വിൽപ്പനയുള്ള മാവേലി സ്റ്റോറുകൾ വിപണന സാധ്യതയുടെയും അനുയോജ്യമായ കെട്ടിടത്തിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ; | (സി) | സപ്ലൈകോ വില്പനശാലകളിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഡിപ്പോകളിൽ നിന്നുള്ള ആവശ്യകത കണക്കാക്കി ഇ ടെണ്ടർ, ഇ ഓക്ഷൻ എന്നീ ഇലക്ട്രോണിക് സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് അവശ്യ സാധനങ്ങളുടെ പർച്ചേസ് നടത്തുന്നു. ഇതിന് പുറമെ പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം, നാഫെഡിൽ നിന്ന് പയറുവർഗങ്ങൾ മിതമായ വിലയ്ക്ക് സംഭരിച്ച് വില്പനയ്ക്ക് എത്തിക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യവും വിലക്കുതിപ്പും ഉണ്ടാകുന്ന ഘട്ടങ്ങളിൽ ഉത്പാദന കേന്ദ്രങ്ങളിലെത്തി നേരിട്ട് സാധനങ്ങൾ സംഭരിച്ച് വിപണിയിലെത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ഈയടുത്ത കാലത്ത്, സവാളയുടെ വില വർദ്ധിച്ച അവസരത്തിലും നാഫെഡ് മുഖേനയും കേന്ദ്രീയ ഭണ്ടാറിൽ നിന്നുമായി സവാള സംഭരിച്ച് മിതമായ വിലയിൽ വിപണിയിലെത്തിക്കുകയും ചെയ്തു. |
| (ഡി) | മാവേലി സ്റ്റോറുകൾവഴി കൂടുതൽ അളവിൽ സബ്സിഡി നിരക്കിലുള്ള അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കാലാകാലങ്ങളായി ഒരു റേഷൻ കാർഡുടമയ്ക്ക് പ്രതിമാസം 10 കി.ഗ്രാം അരിയാണ് സപ്ലൈകോ വില്പനശാലകളിൽ നിന്ന് സബ് സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നത്. ഇതനുസരിച്ചുള്ള സ്റ്റോക്ക് എല്ലാ വിൽപ്പന ശാലകളിലും എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ